പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 4863

14/11/2019-ൽ മറുപടിയ്ക്ക്

**അലനല്ലൂർ ജി.എച്ച്.എസ്.എസ്-നെ മികവിന്റെ കേന്ദ്രമാക്കി ഉയർത്തുന്നതിനുള്ള നടപടി**

| ചോദ്യം<br>ശ്രീ എൻ. ഷംസുദ്ദീൻ | | മറുപടി<br>പ്രൊഫ.സി.രവീന്ദ്രനാഥ്<br>(പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | പൊതുവിദ്യാഭ്യാസ യജ്ഞത്തിന്റെ ഭാഗമായി അലനല്ലൂർ ജി.എച്ച്.എസ്. എസ്-നെ മികവിന്റെ കേന്ദ്രമായി ഉയർത്തുന്നതിന്, 2018-19 വർഷത്തെ ആസ്തി വികസനഫണ്ടിൽ നിന്നും അനുവദിച്ച 25 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുന്നതിന് എസ്റ്റിമേറ്റ് / ഡി.പി.ആർ. ലഭ്യമാക്കുന്ന തിലേക്കായി നല്കിയ പാലക്കാട് ജില്ലാ കളക്ടറുടെ 26.10.2018-ലെ ആർ.ഡി.4-3646/2018-ാം നമ്പർ കത്തിന് നാളിതു വരെയായിട്ടും പാലക്കാട് ഡി.ഡി.ഇ. മറുപടി നൽകാത്തത് സർക്കാർ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 26/10/2018-ലെ പാലക്കാട് ജില്ലാ കളക്ടറുടെ ആർ.ഡി.എച്ച്/3646/18 കത്ത് പ്രകാരം ജി.വി.എച്ച്.എസ്.അലനല്ലൂർ സ്കൂളിനെ മികവിന്റെ കേന്ദ്രമാക്കി ഉയർത്തുന്നതിന് 25 ലക്ഷം രൂപ മണ്ണാർക്കാട് എം.എൽ.എ യുടെ ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി അനുവദിച്ചിട്ടുള്ളതാണ്. പ്രസ്തുത പദ്ധതിയുടെ അനുമതിക്കായി ബഡ്ജറ്റ് എസ്റ്റിമേറ്റും ഡി.പി.ആറും 26/03/2019 തീയതിയിലെ കത്തിലൂടെ എ.ഡി.സി.ക്ക് സമർപ്പിച്ചിരുന്നു. എന്നാൽ 06/06/2019-ലെ കത്ത് പ്രകാരം ഡി.പി.ആർ ഓൺലൈൻ സമർപ്പിക്കാൻ നിർദ്ദേശം നൽകിയിരുന്നു. ആയതനുസരിച്ച് 14/06/2019-ലെ ഇ 1/22278/18/കത്ത് പ്രകാരം നടപടി സ്വീകരിക്കാൻ പ്രധാനാധ്യാപകന് ഡി.ഡി.ഇ നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) | ഒരു വർഷമായിട്ടും പ്രസ്തുത കത്തിന് മറുപടി നൽകാതെ, പദ്ധതി നടപ്പാക്കാൻ തടസ്സം നിൽക്കുന്ന ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടി സ്വീകരിക്കുമോ; അറിയിക്കാമോ; | (ബി) | പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്. |
| (സി) | പ്രസ്തുത പദ്ധതിയുടെ ഡി.പി.ആർ./ എസ്റ്റിമേറ്റ് ജില്ലാ കളക്ടർക്ക് സമർപ്പിക്കുവാൻ അടിയന്തര നടപടി സ്വീകരിക്കുമോ; അറിയിക്കാമോ? | (സി) | നടപടി സ്വീകരിക്കുന്നതാണ്. |

Namitha

സെക്ഷൻ ഓഫീസർ